നം. സി.ഇ.ഇ/1717/2010/കെ.ഇ.എ.എം_2011/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2011 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനിലൂടെ സമർപ്പിക്കേണ്ട തീയതി 17.06.2011 വരെ ദീർഘിപ്പിച്ചു

2011 ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ 65,632 വിദ്യാർത്ഥികളിൽ 11,500 വിദ്യാർത്ഥികൾ ഇനിയും രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ മാർക്ക് സമർപ്പിക്കേണ്ടതായുണ്ട്. ആയതിനാൽ ഓൺലൈനിലൂടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് സമർപ്പിക്കേണ്ട തീയതി **17.06.2011** വരെ ദീർഘിപ്പിച്ചു.

2011 ലെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികളെല്ലാം **17.06.2011 വൈകുന്നേരം 5 മണിക്കുള്ളിൽ www.cee.kerala.gov.in** എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ മാർക്ക് സമർപ്പിക്കേണ്ടതാണ്. വെബ്സൈറ്റിലൂടെ മാർക്ക് സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും **20.06.2011 വൈകുന്നേരം 5 മണിക്ക് മുൻപ്** 'മാർക്ക് സബ്മിഷൻ ഡാറ്റ' യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രിന്റൗട്ടും രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും നേരിട്ടോ തപാൽ മുഖേനയോ (സ്പീഡ് പോസ്റ്റ്/രജിസ്റ്റേർഡ് പോസ്റ്റ്) **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ സമർപ്പി ക്കേണ്ടതാണ്. മേൽപറഞ്ഞ പ്രകാരം 'മാർക്ക് സബ്മിഷൻ ഡാറ്റ' യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രിന്റൗട്ടും രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും യഥാസമയം സമർപ്പിക്കാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.06.2011